"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പല്ലശ്ശന വി.ഐ.എം എച്ച്.എസ്.എസ്.ലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ഫിസിക്സ് ശ്രീ. അരുൺ പ്രസാദ് ആർ. സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1079/2023/GEDN തീയതി, തിരുവനന്തപുരം, 06-02-2023

---

പരാമർശം:-
1. പാലക്കാട് പല്ലശ്ശന വി.ഐ.എം എച്ച്.എസ്.എസ്.ലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ഫിസിക്സ് ശ്രീ. അരുൺ പ്രസാദ് ആർ. സമർപ്പിച്ച 20/06/2022 തീയതിയിലെ പുന:പരിശോധനാ ഹർജി.
2. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടറുടെ 18/01/2023-ലെ എസിഡി എ2 /217127/2022/എച്ച് എസ്സ് ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.എസ്.ലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ഫിസിക്സ് ശ്രീ. അരുൺ പ്രസാദ് ആർ.ന്റെ നിയമനാംഗീകാരം നിരസിച്ചതിനെതിരെ ടിയാൻ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

2. പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.എസ്.ൽ എച്ച്എസ്എസ്.ടി. ജൂനിയർ ഫിസിക്സ്, ജൂനിയർ കെമിസ്ട്രി തസ്തികകളിൽ ശ്രീ. അരുൺ പ്രസാദ് ആർ., ശ്രീമതി.സുനിത കെ.കെ. എന്നിവരെ 21/11/2019-ന് സർക്കാർ പ്രതിനിധി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുകയും, ടി അധ്യാപകരെ 16/01/2020 മുതൽ ടി തസ്തികകളിൽ മാനേജർ നിയമിക്കുകയും ചെയ്തതായും, 16/01/2020 മുതൽ നിയമനം നൽകിയ ടി അദ്ധ്യാപകരിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രിയിൽ നിയമനം നൽകപ്പെട്ട ശ്രീമതി. സുനിത കെ.കെ.യുടെ നിയമനാംഗീകാരം മലപ്പുറം മേഖല ഉപമേധാവി അംഗീകരിച്ചു നൽകി. എന്നാൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) ഫിസിക്സ് തസ്തികയിൽ 16/01/2020-ന് തന്നെ നിയമന ഉത്തരവ് നൽകപ്പെട്ട ശ്രീ. അരുൺ പ്രസാദ് ആർ.ന്റെ നിയമനാംഗീകാര അപേക്ഷ മലപ്പുറം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ 23/10/2020-ന് മാത്രമാണ് സമർപ്പിക്കപ്പെട്ടത് എന്നതിനാൽ ശ്രീ. അരുൺ പ്രസാദ് ആർ.ന്റെ നിയമനാംഗീകാരത്തിനുള്ള അപേക്ഷ മാത്രം മലപ്പുറം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാൻ 9 മാസത്തിൽ കൂടുതൽ താമസിപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കുകയോ നിശ്ചിത സമയം വൈകിയത് മാപ്പാക്കുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടർക്കുള്ള അപേക്ഷ സമർപ്പിക്കുകയോ,

കാലതാമസം മലപ്പുറം മേഖല ഉപമേധാവിയെ ബോധ്യപ്പെടുത്താൻ മാനേജർക്ക് കഴിയുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടി നിയമനാംഗീകാര അപേക്ഷ 24/03/2021-ന് മലപ്പുറം മേഖലാ ഉപമേധാവി നിരസിച്ച് നൽകുകയുണ്ടായി. തുടർന്ന് ശ്രീ. അരുൺ പ്രസാദ് ആർ. WP(C)No. 2089/2021 ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 01/10/2021-ലെ വിധിന്യായപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിൽ കേൾക്കുകയും നിയമനാംഗീകാര അപേക്ഷ സമർപ്പിക്കുന്നതിന് അകാരണമായ കാലതാമസം വരുത്തിയതിനാൽ പ്രസ്തുത അപേക്ഷ മടക്കി നൽകിയ മലപ്പുറം മേഖലാ ഉപമേധാവിയുടെ ഉത്തരവ് ക്രമപ്രകാരമാണെന്ന് കണ്ടെത്തി ടിയാന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം 25/01/2022 തീയതി ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിട്ടുള്ളതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരാമർശം (2) റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഹയർ സെക്കന്ററി വിദ്യാഭ്യാസ വിശേഷാൽ ചട്ടങ്ങൾ പ്രതിപാദിക്കുന്ന കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXII-ൽ നിയമനാംഗീകാര അപേക്ഷകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസം മാപ്പാക്കുന്ന വ്യവസ്ഥകൾ ഒന്നും തന്നെ ഇല്ല. എന്നാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 8-ൽ

"(1) Three copies of appointment order all signed by the Manager and the teacher, shall be forwarded by the Manager to the Educational Officer for approval together with such details, particulars and documents as may be required by the Director [18][within fifteen days from the date of effect of the staff fixation order by which the additional posts are sanctioned or within fifteen days from the date of joining duty of the candidates] whichever is later in the manner prescribed by the Director:

[19][Provided that where the Manager fails to forward the appointment order within the time specified above, he may apply to the [20][Deputy Director (Education) in the case of delay up to six months or to the Director in other cases, for condonation of such delay and thereupon the [19][Deputy Director (Education)] or the Director* as the case may be for reasons to be recorded in writing condone the delay]

എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ആയത് പ്രകാരം ആറ് മാസത്തിൽ കൂടുതലുള്ള കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എങ്കിലും പരമാവധി എത്ര സമയം വരെയുള്ള കാലതാമസം മാപ്പാക്കാമെന്ന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ മാനേജർ സമർപ്പിക്കുന്ന വ്യക്തമായ കാരണത്തിന്റെ അടിസ്ഥാനത്തിൽ ആറ് മാസത്തിൽ കൂടുതൽ എത്ര സമയം വരെയുള്ള കാലതാമസവും മാപ്പാക്കുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

4. മേൽ സാഹചര്യത്തിൽ, പാലക്കാട് പല്ലശ്ശന വി.ഐ.എം. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ് ശ്രീ. അരുൺ പ്രസാദ് ആർ.ന്റെ നിയമനാംഗീകാര അപേക്ഷ സമർപ്പിക്കുന്നതിൽ ഒൻപത് മാസത്തെ കാലതാമസം വന്നതിന് മാനേജർ വ്യക്തമായ കാരണം സമർപ്പിക്കുന്ന പക്ഷം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 8 പ്രകാരം ആയത് പരിശോധിച്ച് ബോധ്യപ്പെട്ട്, ഹർജിക്കാരന്റെ നിയമനാംഗീകാര അപേക്ഷ

പുന:പരിശോധിക്കുവാൻ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർക്ക് നിർദ്ദേശം നൽകി, പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.എസ്.ലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ഫിസിക്സ് ശ്രീ. അരുൺ പ്രസാദ് ആർ. സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപമേധാവി,
സിവിൽ സ്റ്റേഷൻ, മലപ്പുറം.
ശ്രീ. അരുൺ പ്രസാദ് ആർ., ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ഫിസിക്സ് വി.ഐ.എം. ഹയർ സെക്കന്ററി സ്കൂൾ, പല്ലശ്ശന,
പാലക്കാട്.
മാനേജർ, വി.ഐ.എം. ഹയർ സെക്കന്ററി സ്കൂൾ, പല്ലശ്ശന, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 07-02-2023 11:32:04

സെക്ഷൻ ഓഫീസർ